പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2406.

23-01-2014- ൽ മറുപടിക്ക്.

## ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശ-ങ്ങൾ വ്യക്തമാക്കാമോ; | (എ) 1. സാഫല്യം ഭവന പദ്ധതി<br>കേരളത്തിലെ ദുർബല വിഭാഗത്തിൽ പ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായവർക്ക് സർക്കാർ സബ്സിഡിയോട്കൂടി സന്നദ്ധസംഘന/ കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെ ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണിത്. സർവീസസില്ലാതെ 280 ച.അടി വിസ്തീർണ്ണമുള്ള ഫ്ളാറ്റിൻെറ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും (168 മാസ ത്തവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്) 25,000/-രൂപ സന്നദ്ധസംഘടന/കാരുണ്യവാൻമാ-രായ വ്യക്തികളുടെ വിഹിതവും 25,000/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയുടെ ആദ്യഘട്ടമായി 288 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br>2. ഗൃഹശ്രീ ഭവന പദ്ധതി<br>സ്വന്തമായി 2 സെൻറ്/3 സെൻറ് ഭൂമി യുള്ള ദുർബല വിഭാഗം(ബി.പി.എൽ/ ബി.പി.എൽ അല്ലാത്ത)/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാൻമാരായ വ്യക്തികളുടെസഹകരണത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. ദുർബല വിഭാഗത്തിൽപ്പെട്ട ബി.പി.എൽ കാർക്ക് കുറഞ്ഞത് 30 ച.മീ മുതൽ 40 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം |

രൂപ സർക്കാർ സബ്സിഡിയും1 ലക്ഷം രൂപ എൻ.ജി.ഒ/സന്നദ്ധ സംഘടന/ കാരുണ്യവാൻമാരായ വ്യക്തിവിഹിതവും 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ദുർബല വിഭാഗത്തിൽപ്പെട്ട എ.പി.എൽ വിഭാഗക്കാർക്ക് (വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ) കുറഞ്ഞത് 41 ച.മീ മുതൽ 50 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ എൻ.ജി.ഒ/ സന്നദ്ധ സംഘടന/ കാരുണ്യവാൻമാരായ വ്യക്തിവിഹിതവും 2 ലക്ഷം രൂപ ഗുണഭോക്തൃവിഹിതവുമാണ്.

3. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി 2007-08-ൽ ആരംഭിച്ചിട്ടുള്ള-താണ്. 1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുന:രുദ്ധാരണത്തിനായി സർക്കാർ സബ്സിഡി വിതരണം ചെയ്തുവരുന്നു. ജനറൽവിഭാഗത്തിന് 75,000/-രൂപയും പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും, പട്ടിക വർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയുമാണ് സർക്കാർ സബ്സിഡി തുക. ഈ പദ്ധതി പ്രകാരം 12755 വീടുകൾക്ക് 54.84 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

4. സുരക്ഷാ ഭവന പദ്ധതി

ദുർബല വിഭാഗത്തിൽപ്പെട്ട വീടില്ലാ-ത്തതും എന്നാൽ 2 സെൻറ് ഭൂമി സ്വന്തമായുള്ളതുമായ പാവപ്പെട്ടവർക്ക് സന്നദ്ധസംഘട/വ്യക്തി/തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീട് നിർമ്മിക്കുന്ന-തിന് സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 1 ലക്ഷം രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന വീടിൻെറ 25% അല്ലെങ്കിൽ പരമാവധി 25,000/- രൂപ സർക്കാർ സബ്സിഡിയും 50,000/- രൂപ സന്നദ്ധ സംഘടനാ വിഹിതവും ബാക്കി തുക ഗുണഭോക്തൃ വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം ഇതുവരെ 5407 വീടുകൾക്ക് അനുമതി നൽകുകയും 3344 വീടുകൾ പൂർത്തീകരിക്കുകയും 5.68 കോടി രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഓരോ പദ്ധതി പ്രകാരവും എത്ര വീതം വ്യക്തികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | സാഫല്യം ഭവന പദ്ധതി ഘട്ടം 1-ലൂടെ 288 ഗുണഭോക്താക്കൾക്കും ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ നിലവിൽ ലഭ്യ-മായ സബ്സിഡി വിഹിതം വിനിയോഗിച്ച് 525 പേർക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി പ്രകാരം 12,755 പേർക്ക് സബ്സിഡി അനുവദിക്കുകയും സുരക്ഷാ പദ്ധതി പ്രകാരം 5407 വീടുകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതിയിലൂടെ എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപയാണ് ചെലവാക്കുന്നത്; | (സി) | സാഫല്യം ഭവന പദ്ധതിയിലൂടെ ആദ്യ ഘട്ടമായി 288 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി ഉദ്ദേശിക്കുന്നു. ഈ പദ്ധ-തിയ്ക്കായി 5 കോടി രൂപ വകയിരുത്തിയി-ട്ടുണ്ട്. ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി ലഭ്യമാക്കിയിട്ടുള്ള 10.5 കോടി രൂപ വിനിയോഗിച്ച് 525 വീടുകൾക്ക് സബ്സിഡി നൽകുന്നതാണ്. എം.എൻ.ലക്ഷം വീട് പദ്ധതി പ്രകാരം 12,755 പേർക്ക് 54.84 കോടി രൂപയും സുരക്ഷാ ഭവന പദ്ധതി പ്രകാരം 5407 പേർക്ക് 5.68 കോടി രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി ജനകീയമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | (ഡി) | 1. ഗൃഹശ്രീ ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ സ്പോൺസർ ചെയ്യുന്നതിനുള്ള സ്പോൺസർമാരെ, ലഭിക്കുന്നതിന് മാധ്യമങ്ങളിലൂടെ വിപുലമായ പരസ്യം നടത്തിയാണ് അപേക്ഷ സ്വീകരിച്ചത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നും സന്നദ്ധസംഘ-ടന/എൻ.ജി.ഒ/കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നതിനായി പ്രമുഖ മാധ്യമങ്ങൾ മുഖാന്തിരം പ്രചാരണം നൽകുകയും 26/12/2013 -വരെ മൊത്തം 11,054 പേർക്ക് വീട് വച്ച് നൽകുന്നതിനുള്ള താത്പര്യം ഈ സംഘടനകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.<br>2. സാഫല്യം ഭവന പദ്ധതി പഞ്ചായത്തുകളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത് പദ്ധതിയിലെ ഗുണ-ഭോക്താക്കളെ കണ്ടെത്തുന്നതിനായി ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതാത് പഞ്ചായത്തുകളാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് |

ഡിപിസി അംഗീകാരത്തോടുകൂടി അപേക്ഷകൾ ബോർഡിന് ഹാജരാക്കേണ്ടത്. പത്രപരസ്യം മുഖാന്തിരം ഈ പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി എന്ന പുതിയ പദ്ധതി പ്രാബല്യത്തിൽ വരുന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് പ്രസക്തിയില്ലാത്തതിനാൽ 31.03.2013-നകം നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച വീടുകൾക്ക്കൂടി സബ്സിഡി വിതരണം ചെയ്ത് സുരക്ഷാ ഭവന പദ്ധതി 30/09/2013 - ൽ നിറുത്തലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ